REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-06-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നിലമ്പൂർ ജനവിധി ഇന്ന്. രാഷ്ട്രീയ കേരളം ഉറ്റുനോക്കുന്ന ഉപതിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് അൽപസമയത്തിനകം തുടങ്ങും.**
- **ചരിത്രപരമായ ക്രൊയേഷ്യൻ സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിലേക്ക് തിരിച്ചു.**
- **ഇറാനിലെ സംഘർഷ മേഖലയിൽ നിന്ന് ഒഴിപ്പിച്ച 110 വിദ്യാർത്ഥികളുമായി ആദ്യ 'ഓപ്പറേഷൻ സിന്ധു' വിമാനം ഡൽഹിയിലെത്തി.**
- **ഇന്ന് ദേശീയ വായനാ ദിനം.**
- **IPL തർക്കത്തിൽ കൊച്ചി കേരള ടസ്കേഴ്സിന് BCCI, 538 കോടി രൂപ നഷ്ടപരിഹാരം നൽകണമെന്ന ആർബിട്രൽ ട്രിബ്യൂണൽ ഉത്തരവ് ബോംബെ ഹൈക്കോടതി ശരിവെച്ചു.**

## വാർത്തകൾ വിശദമായി

നിലമ്പൂരിൽ ജനവിധി ഇന്ന്. രാഷ്ട്രീയ കേരളം ഉറ്റുനോക്കുന്ന ഉപതിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് അൽപസമയത്തിനകം തുടങ്ങും. ശക്തമായ ചതുഷ്കോണ മത്സരത്തിൽ ഓരോ വോട്ടും ഏറെ നിർണായകമാണ്. 263 പോളിംഗ് ബൂത്തുകളാണ് മണ്ഡലത്തിൽ ഒരുക്കിയിരിക്കുന്നത്. പത്ത് സ്ഥാനാർത്ഥികൾ ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കുന്നുണ്ട്. വൈകിട്ട് ആറു വരെയാണ് പോളിംഗ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം പ്രതിനിധി എം സുരേഷ് ബാബു.

......വോയിസ്.....

✪✪✪

ചരിത്രപ്രാധാന്യമേറിയ ക്രൊയേഷ്യ സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിലേക്ക് യാത്ര തിരിച്ചു. ക്രൊയേഷ്യയിൽ ആദ്യമായി സന്ദർശനം നടത്തുന്ന ഇന്ത്യൻ പ്രധാനമന്ത്രിയാണ് നരേന്ദ്രമോദി. സന്ദർശന വേളയിൽ ക്രൊയേഷ്യൻ പ്രധാനമന്ത്രി ആന്ദ്രേ പ്ലെൻകോവികുമായും പ്രസിഡന്റ് സൊറാൻ മിലാനോവികുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

..........വോയ്സ്......

ഏതാനും നയതന്ത്രതല ചർച്ചകളിൽ പങ്കെടുത്ത പ്രധാനമന്ത്രി ഇന്ത്യ-ക്രൊയേഷ്യ തന്ത്രപര പങ്കാളിത്തവും ഉഭയകക്ഷി ബന്ധങ്ങളും ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾക്ക് തുടക്കമിട്ടു. ആഗോള സമാധാനത്തിനും ജനാധിപത്യമൂല്യങ്ങളുടെ സംരക്ഷണത്തിനും വ്യാപാര -സാങ്കേതിക- സാംസ്കാരിക രംഗങ്ങളിലെ സഹകരണത്തിനും ഇരു പ്രധാനമന്ത്രിമാരും സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചു. നാല് ധാരണാ പത്രങ്ങൾ സന്ദർശന വേളയിൽ ഒപ്പുവെച്ചു.

സംഘർഷങ്ങൾക്ക് യുദ്ധത്തിന് പകരം സമാധാനപരമായ പരിഹാരം ഉണ്ടാകണമെന്ന് ചർച്ചകളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നിർദേശിച്ചു. സംഭാഷണങ്ങളും നയതന്ത്ര ശ്രമങ്ങളുമാണ് ശരിയായ വഴി. എല്ലാ രാജ്യങ്ങളുടെയും പരമാധികാരവും സംരക്ഷിക്കപ്പെടണമെന്ന നിലപാട് അദ്ദേഹം മുന്നോട്ട് വെച്ചു.

മാനവരാശിയുടെ പൊതു ശത്രുവാണ് ഭീകര പ്രവർത്തനങ്ങളെന്ന് വിലയിരുത്തിയ നരേന്ദ്രമോദി പഹൽഗാം ഭീകരാക്രമണത്തെ അപലപിക്കുകയും ഇന്ത്യക്കൊപ്പം നിൽക്കുകയും ചെയ്ത ക്രൊയേഷൻ നേതൃത്വത്തെ നന്ദി അറിയിച്ചു. ക്രൊയേഷ്യയിൽ യോഗയ്ക്ക് പ്രചാരം വർദ്ധിക്കുന്നതിനെ അനുമോദിച്ച പ്രധാനമന്ത്രി അന്താരാഷ്ട്ര യോഗാ ദിനത്തിൽ ക്രൊയേഷ്യയിൽ വർദ്ധിച്ച പങ്കാളിത്തമുണ്ടാകുമെന്ന വിശ്വാസം അറിയിച്ചു.

✪✪✪

ഇറാൻ - ഇസ്രായേൽ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇറാനിൽ നിന്ന് ഒഴിപ്പിച്ച 110 യാത്രക്കാരുമായി ആദ്യ 'ഓപ്പറേഷൻ സിന്ധു' വിമാനം പുലർച്ചെ ഡൽഹിയിലെത്തി. വടക്കൻ ഇറാൻ മേഖലയിലുണ്ടായിരുന്ന ഇന്ത്യൻ വിദ്യാർത്ഥികളെയാണ് അർമേനിയ വഴി നാട്ടിലെത്തിച്ചത്. ഇറാനിലേയും അർമേനിയയിലേയും ഇന്ത്യൻ നയതന്ത്ര ഓഫീസുകളുടെ നേതൃത്വത്തിൽ ഇവരെ റോഡ് മാർഗം അർമേനിയൻ തലസ്ഥാനമായ യെരേവനിൽ എത്തിക്കുകയായിരുന്നു. തുടർന്ന് പ്രത്യേക വിമാനത്തിൽ ഡൽഹിയിലെത്തിച്ചു.

സംഘർഷമേഖലയിൽ നിന്ന് സുരക്ഷിത മേഖലയിലേക്ക് മാറാൻ ഇറാനിലെ ഇന്ത്യക്കാരോട് എംബസി ആവശ്യപ്പെട്ടു. ഇവരെ പിന്നീട് നാട്ടിലെത്തിക്കാനായ നടപടികൾ കൈക്കൊള്ളും. എംബസിയുമായി സമ്പർക്കം പുലർത്തണമെന്നും നിർദേശം നൽകി. ഇതിനായി ടെഹ്റാനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും തുറന്നിട്ടുണ്ട്. 'ഓപ്പറേഷൻ സിന്ധു' ദൗത്യം വരും ദിവസങ്ങളിലും തുടരുമെന്നും എംബസി അധികൃതർ അറിയിച്ചു.

✪✪✪

ഇറാൻ വിഷയം ചർച്ച ചെയ്യാൻ യുഎൻ രക്ഷാസമിതിയുടെ അടിയന്തര യോഗം നാളെ ചേരും. യോഗം ചേരണമെന്ന ഇറാന്റെ ആവശ്യത്തെ ചൈന, പാകിസ്ഥാൻ, റഷ്യ എന്നിവ പിന്തുണച്ചു. ഇറാൻ വിഷയത്തിൽ യുഎൻ രക്ഷാസമിതിയുടെ രണ്ടാമത്തെ അടിയന്തര യോഗമാണ് നാളത്തേത്.

✪✪✪

അഹമ്മദാബാദ് വിമാനദുരന്തത്തിൽ മരിച്ച 208 പേരെ DNA പരിശോധനയിലൂടെ തിരിച്ചറിഞ്ഞു. 173 ശരീരങ്ങൾ കുടുംബങ്ങൾക്ക് ഇതുവരെ വിട്ടുനൽകി. മൃതദേഹങ്ങൾ തിരിച്ചറിയാനാകാത്തവിധം കത്തിക്കരിഞ്ഞതുകൊണ്ടാണ് ബന്ധുക്കളുടെ DNA സാമ്പിളുകളുമായി ഒത്തുനോക്കേണ്ടി വന്നത്.

✪✪✪

റോഡ് അപകടങ്ങളിൽ പെടുന്നവർക്ക് പണം നൽകാതെ ചികിത്സ ലഭ്യമാക്കുന്ന ദേശീയ പദ്ധതി സംബന്ധിച്ച ഉന്നത തല യോഗം ന്യൂഡൽഹിയിൽ ചേർന്നു. രാജ്യത്ത് എല്ലായിടത്തും പദ്ധതി ഒരേതരത്തിൽ നടപ്പാക്കാൻ ബന്ധപ്പെട്ട കക്ഷികളുമായി കൃത്യമായ ഏകോപനമുണ്ടാകണമെന്ന് യോഗത്തിൽ അധ്യക്ഷനായിരുന്ന കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി നിർദേശം നൽകി. വർദ്ധിക്കുന്ന റോഡ് അപകടങ്ങളും മരണവും കുറയ്ക്കുന്നതിന് കേന്ദ്രഗവൺമെന്റ് മുഖ്യ പരിഗണനയാണ് നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു. 2030-ഓടെ റോഡ് അപകടങ്ങൾ പകുതിയാക്കി കുറയ്ക്കണമെന്ന സ്റ്റോക്ക്

ഹോം പ്രഖ്യാപനം പ്രാവർത്തികമാക്കാൻ ക്യാഷ് ലെസ് ചികിത്സാസൗകര്യം അനിവാര്യമാണെന്നും ഗഡ്കരി പറഞ്ഞു.

✪✪✪

ഇന്ന് ദേശീയ വായന ദിനം. കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പിതാവായി അറിയപ്പെടുന്ന PN പണിക്കരുടെ ചരമവാർഷിക ദിനമായ ജൂൺ 19നാണ് എല്ലാവർഷവും ദേശീയ വായനാദിനം. ശരീരത്തിന് ആഹാരം പോലെയാണ് മനസ്സിന് വായനയെന്ന് ഓരോ വായനാദിനവും ഓർമ്മിപ്പിക്കുന്നു.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്.....

1996 മുതൽ കേരള ഗവൺമെന്റ് വായനാ ദിനം ആചരിക്കുന്നുണ്ട്. 2017-ൽ കേന്ദ്ര ഗവൺമെന്റും ജൂൺ 19 ദേശീയ വായനാദിനമായി പ്രഖ്യാപിച്ചു. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ജൂൺ 19 മുതൽ 25 വരെ സ്കൂളുകളിൽ വായനാവാരവും സംഘടിപ്പിക്കും.

കേരളത്തിലുടനീളം വായനശാലകൾ സ്ഥാപിക്കുകയും അക്ഷരമറിയാത്തവരെ അറിവിന്റെ ലോകത്തേക്ക് ആനയിക്കുകയും ചെയ്ത PN പണിക്കർ 1926-ൽ സനാതനധർമ്മ വായനശാല രൂപീകരിച്ചാണ് പുതിയ ആശയത്തിന് തുടക്കമിട്ടത്. വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ആഹ്വാനം. കേരളത്തെ സമ്പൂർണ സാക്ഷരതയിലേക്ക് നയിച്ച കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതിക്ക് രൂപം നൽകിയതും PN പണിക്കരായിരുന്നു.

വിദ്യാലയങ്ങളിൽ വായനയുടെ മഹത്വം പ്രതിപാദിക്കുന്ന വിവിധ പരിപാടികൾ വായനാദിനത്തിൽ സംഘടിപ്പിക്കും.

വായനാദിനാഘോഷത്തിന്റെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം രാവിലെ കാരപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ തോട്ടത്തിൽ രവീന്ദ്രൻ MLA നിർവഹിക്കും.

✪✪✪

കേന്ദ്രത്തിൽ NDA ഗവൺമെന്റ് 11 വർഷം പൂർത്തിയാക്കുമ്പോൾ ഇന്ത്യയുടെ കായിക മേഖല മികച്ച പരിവർത്തനത്തിന് വിധേയമായതായി പ്രമുഖ പാരാ അത്‌ലറ്റും ഏഷ്യൻ പാരാലിമ്പിക് കമ്മിറ്റിയുടെ എക്സിക്യൂട്ടീവ് ബോർഡ് അംഗവുമായ ദീപ മാലിക് ആകാശവാണി ന്യൂസിനോട് പറഞ്ഞു.

ഖേലോ ഇന്ത്യ, ടാർഗറ്റ് ഒളിമ്പിക് പോഡിയം സ്കീം, ഖേലോ ഇന്ത്യ റൈസിങ് ടാലന്റ് ഐഡന്റിഫിക്കേഷൻ തുടങ്ങിയവ അത്‌ലറ്റുകളുടെ പ്രകടനത്തെ

മെച്ചപ്പെടുത്തി. ഇത് ആഗോള കായിക മത്സരങ്ങളിൽ മെഡൽ നേട്ടത്തിന് കാരണമായെന്നും അവർ വിലയിരുത്തി. ഗവൺമെന്റ് സ്വീകരിച്ച ബഹുമുഖ പദ്ധതികൾ കായിക മേഖലയെ മാറ്റിമറിക്കുന്നതോടൊപ്പം അത്‌ലറ്റുകളുടെ ജീവിതം മെച്ചപ്പെടുത്തിയതായും ദീപാ മാലിക് പറഞ്ഞു.

✪✪✪

IPL ക്രിക്കറ്റുമായി ബന്ധപ്പെട്ട തർക്കത്തിൽ കൊച്ചി കേരള ടസ്കേഴ്സിന് ക്രിക്കറ്റ് കൺട്രോൾ ബോർഡ്, 538 കോടി രൂപ നൽകണമെന്ന ആർബിട്രൽ ട്രിബ്യൂണൽ ഉത്തരവ് ബോംബെ ഹൈക്കോടതി ശരിവെച്ചു. 2011-ൽ കൊച്ചി ടസ്കേഴ്സിനെ IPL-ൽ നിന്ന് പുറത്താക്കിയതിനെതിരെ 2015-ലാണ് അവർ ആർബിട്രൽ ട്രിബ്യൂണലിനെ സമീപിച്ചത്. മുൻ ചീഫ് ജസ്റ്റിസ് RC ലഹോട്ടി നേതൃത്വം നൽകിയ ട്രിബ്യൂണൽ BCCI-യോട് 538 കോടി രൂപ നഷ്ടപരിഹാരം നൽകാൻ നിർദേശിച്ചു. ഇതിനെതിരെ ക്രിക്കറ്റ് കൺട്രോൾ ബോർഡ് ബോംബെ ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയാണ് തള്ളിയത്. ആർബിട്രൽ ട്രിബ്യൂണലിന്റെ തീരുമാനം കോടതിയ്ക്ക് റദ്ദാക്കാനാവില്ലെന്ന് സിംഗിൾബെഞ്ച് വ്യക്തമാക്കി.

✪✪✪

ഹോക്കി ഇന്ത്യ മാസ്റ്റേഴ്സ് കപ്പ് 2025ൽ കേരള പുരുഷ-വനിതാ ടീമുകൾക്ക് തോൽവി. ചെന്നൈയിൽ വനിതാ വിഭാഗത്തിലെ ആദ്യ മത്സരത്തിൽ കർണാടകയാണ് എതിരില്ലാത്ത ഏഴ് ഗോളിന് കേരളത്തെ തകർത്തത്. പുരുഷ വിഭാഗത്തിൽ തമിഴ്നാട് കേരളത്തെ മറുപടിയില്ലാത്ത എട്ട് ഗോളിനും തോൽപ്പിച്ചു. ഈ മാസം 27-നാണ് ഫൈനൽ.

✪✪✪

സംസ്ഥാനത്തും ഇന്നും ചിലയിടങ്ങളിൽ ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

✪✪✪

കാലവർഷക്കെടുതിയിൽ കാസർകോട് ജില്ലയിൽ ഇതുവരെ മൂന്ന് വീടുകൾ പൂർണമായും 77 വീടുകൾ ഭാഗികമായും തകർന്നു. മഞ്ചേശ്വരം താലൂക്കിലാണ് മൂന്ന് വീടുകൾ പൂർണമായി തകർന്നത്. 29 വീടുകൾ ഭാഗികമായും തകർന്നു. 13 ഇടങ്ങളിൽ മണ്ണിടിച്ചിലുണ്ടായി. വെള്ളരിക്കുണ്ട് താലൂക്കിൽ ഇതുവരെ രണ്ട് വീടുകൾ ഭാഗികമായി തകർന്നു.

കാസർകോട് താലൂക്കിൽ എട്ട് വീടുകളാണ് ഭാഗികമായി തകർന്നത്. ഹോസ്ദുർഗ് താലൂക്കിൽ 38 വീടുകൾ ഭാഗികമായി തകർന്നു.

✪✪✪

കണ്ണൂർ കക്കാട് അതിരകം അമൃതവിദ്യാലയത്തിന് സമീപം ഇന്നലെ വൈകിട്ട് പുഴയിൽ വീണ് 9 വയസ്സുകാരൻ മരിച്ചു. അതിരകം നഫീസാ മൻസിലിൽ M. മുഹമ്മദ് നാഷിദ് ആണ് മരിച്ചത്.

VP മഹമൂദ് ഹാജി മെമ്മോറിയൽ സ്കൂളിലെ നാലാം ക്ലാസ് വിദ്യാർഥിയാണ്.

✪✪✪

പാലക്കാട് മുണ്ടൂരിൽ കാട്ടാന ആക്രമണത്തിൽ ഒരാൾ മരിച്ചു. ഞാറക്കോട് സ്വദേശി കുമാരൻ ആണ് മരിച്ചത്. പുലർച്ചെ വീടിന് പുറത്തിറങ്ങിയ കുമാരനെ കാട്ടാന ആക്രമിക്കുകയായിരുന്നു.

കഴിഞ്ഞ ഏപ്രിലിലും മുണ്ടൂരിൽ ഒരാൾ കാട്ടാന ആക്രമണത്തിൽ മരിച്ചിരുന്നു.

✪✪✪

കണ്ണൂർ പയ്യാമ്പലത്ത് മൂന്നാഴ്ച മുമ്പ് നായ കടിയേറ്റ അഞ്ചുവയസ്സുകാരനെ പേവിഷബാധ ലക്ഷണങ്ങളോടെ പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തമിഴ്നാട് സ്വദേശികളുടെ മകനാണ് തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്നത്. കുട്ടിയ്ക്ക് പ്രതിരോധ കുത്തിവെപ്പെടുത്തിരുന്നെന്ന് രക്ഷിതാക്കൾ പറഞ്ഞു.

കണ്ണൂരിൽ നിരവധി ആളുകൾക്ക് തെരുവുനായയുടെ കടിയേറ്റ സംഭവം ദൗർഭാഗ്യകരമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് KK രത്നകുമാരി പറഞ്ഞു.

തെരുവുനായകളെ നിയന്ത്രിക്കുന്നതിൽ കോർപ്പറേഷന് ഉത്തരവാദിത്വമില്ലെന്ന് കണ്ണൂർ മേയർ മുസ്ലിഹ് മഠത്തിൽ പറഞ്ഞു.

നായ്ക്കളെ പിടിക്കുമ്പോൾ മൃഗസ്നേഹികൾ പ്രതിഷേധവുമായി എത്തി കേസ് കൊടുക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ പ്രധാന ചടങ്ങായ ഇളിനീരാട്ടം ഇന്നലെ അർധരാത്രിയോടെ ആരംഭിച്ചു. ഇന്ന് രാവിലെ വരെ ഇളനീരഭിഷേകം തുടർന്നു. അഭിഷേകം ചെയ്ത ഇളന്നീരുകൾ ഭക്തർക്ക് പ്രസാദമായി നൽകും.

വൈശാഖ മഹോത്സവത്തിലെ മൂന്നാമത്തെ ആരാധനയായ രേവതി ആരാധന നാളെയാണ്.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് എയർ ഇന്ത്യ എക്സ്പ്രസിന്റെ അഞ്ച് സർവീസുകൾ ഇന്നലെ റദ്ദാക്കി.

✪✪✪

*News Editor : അനിൽ ചന്ദ്രൻ*
*News Reader: അനിൽ ചന്ദ്രൻ*
*NRT: സയ്യിദ് അലി ശിഹാബ്, ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*